# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 294

12/12/2014-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഹൈബി ഈഡൻ | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആശ്രയ പദ്ധതിക്ക തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് 2002-03 സാമ്പത്തിക വർഷം മുതൽ ആശ്രയ പദ്ധതി നടപ്പിലാക്കി വരുന്നു. കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നിരാശ്രയരും, അടിസ്ഥാന ജീവിതസൗകര്യങ്ങൾ നിഷേധിക്കപ്പെട്ടവരും, സാമൂഹ്യമായി ബഹിഷ്കൃതരും, പാർശ്വവൽക്കരിക്കപ്പെട്ടവരും, യാതൊരു വിധ കണക്കെടുപ്പിലും ഉൾപ്പെടാത്തവരുമായ കുടുംബങ്ങളെ സുതാര്യമായ മാനദണ്ഡങ്ങൾ ഉപയോഗിച്ച് കണ്ടെത്തി പുനരധിവസിപ്പിക്കുന്ന പദ്ധതിയാണ് ആശ്രയ (Destitute Identification & Rehabilitation Programme). |
| (ബി) | പദ്ധതി യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | അടിസ്ഥാന സൗകര്യ വികസനം, അതിജീവനാവശ്യം, വികസനാവശ്യം എന്നീ ഘടകങ്ങളിൽ ഉൾപ്പെടുത്തി ഒരു കുടുംബത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം വിവിധ സർക്കാർ/സർക്കാരിതര സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നൽകി വരുന്നു. |

(സി) സമൂഹത്തിലെ അശരണരായ വിധവകൾക്കും, മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവർക്കും എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(സി) ആശ്രയ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിക്കപ്പെട്ട ക്ലേശഘടകങ്ങളുടേയും അധിക ക്ലേശഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. മേൽപ്പറഞ്ഞ മാനദണ്ഡ പ്രകാരം അർഹതയുള്ളവരാണെങ്കിൽ അശരണരായ വിധവകളെയും മാരകരോഗങ്ങൾ ബാധിച്ച് ജോലിയെടുക്കാൻ സാധിക്കാത്തവരെയും ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തുകയും അർഹമായ ആനുകൂല്യങ്ങളായ പാർപ്പിടം, കക്കൂസ്, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ഭക്ഷണം, വസ്ത്രം, മരുന്ന്, കുട്ടികളുടെ വിദ്യാഭ്യാസം തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

(ഡി) പദ്ധതി നടപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(ഡി) ആശ്രയ പദ്ധതി നടപ്പിലാക്കുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമാണ്. ടി സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനായി ഒരു ചാർജ്ജ് ഓഫീസർ ഉണ്ടാകും. നിലവിൽ കുടുംബശ്രീ മെമ്പർ സെക്രട്ടറിയായി പ്രവർത്തിക്കുന്ന പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിമാരായിരിക്കും ഈ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെടുന്നത്. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനങ്ങൾക്കായി ജില്ലാതല റിവ്യൂ മീറ്റിംഗ്, പ്രോജക്ട് രൂപീകരണത്തിന് പരിശീലനം എന്നിവ ഉൾപ്പടെയുള്ള വിവിധ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ